# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മേലില ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P11/1688/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 18/07/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മേലില ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മേലില ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേലില ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P11/1688/2021 തീയ്യതി: 18/07/2022

## കൊല്ലം ജില്ലയിലെ മേലില ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ മേലില ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-02-2020 മുതൽ 31-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-11-2019 മുതൽ 31-10-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അമ്പിളി.എം.ഡി | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 08-11-2021 | 23-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-11-2021 | 23-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ്കുമാർ പി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി.മഞ്ജുള സാഗർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ഷീജ.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.റജീന എ.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എസ്.അനിൽകുമാർ | പ്രസിഡന്റ് | 01-04-2020 | 16-12-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 17-12-2020 | 29-12-2020 |
| ശ്രീമതി. താര എ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.കബീർദാസ് .എ | സെക്രട്ടറി | 01-04-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സതീഷ് ചന്ദ്രൻ.ജി.ആർ | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.സീന | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ഡോ.അജിതകുമാരി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.രജനി ഗോപാലകൃഷ്ണൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 24-01-2021 |
| ഡോ. സോഫി ആർ ദാസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 25-01-2021 | 31-03-2021 |
| ഡോ.ലീനാമോൾ | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.മഞ്ജു.എസ് | ഫിഷറീസ് ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.ലിജു ജോൺ | അഗ്രികൾച്ചർ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.സുധീഷ് കുമാർ | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2020 | 24-12-2020 |
| ശ്രീമതി.ശശികല.എസ് | ഡയറി ഫാം ഇൻസ്പെക്ടർ | 25-12-2020 | 27-02-2021 |
| ശ്രീ.സുധീഷ് കുമാർ | ഡയറി ഫാം ഇൻസ്പെക്ടർ | 27-02-2021 | 31-03-2021 |
| ശ്രീമതി.ശാന്തി | വി.ഇ.ഒ.1 | 01-04-2020 | 28-02-2021 |
| ശ്രീമതി.സ്മിത. | വി.ഇ.ഒ.1 | 28-02-2021 | 31-03-2021 |
| ശ്രീമതി.ദീപശ്രീ | വി.ഇ.ഒ.2 | 01-04-2020 | 31-03-2021 |
| ശ്രീ.ജോൺസാമുവൽ | ഹെഡ്മാസ്റ്റർ | 01-04-2020 | 17-06-2020 |
| ശ്രീമതി.ഗിരിജാകുമാരി | ഹെഡ്മിസ്ട്രസ് അഡി.ഫുൾ ചാർജ് | 18-06-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Rajina A.S (Auditor, On 15-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Manjula Sagar (Asst. Audit Officer, On 17-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 14-07-2022) | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Manjula Sagar (Asst. Audit Officer, On 23-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Manjula Sagar (Asst. Audit Officer, On 17-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-07-2022) | 1-3 |
| 5 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്<br>Written By: Manjula Sagar (Asst. Audit Officer, On 29-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-07-2022) | 1-4 |
| 6 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് - വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Manjula Sagar (Asst. Audit Officer, On 30-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-07-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: Manjula Sagar (Asst. Audit Officer, On 17-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-07-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Pradeep Kumar P (Audit Officer (HG), On 16-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-07-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: R.Sheeja (Asst. Audit Officer, On 15-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-07-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Rajina A.S (Auditor, On 14-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-07-2022) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Pradeep Kumar P (Audit Officer (HG), On 22-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-07-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Rajina A.S (Auditor, On 16-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 14-07-2022) | 1-10 |
| 13 | റേഷൻ റീട്ടെയിൽ ഡിപ്പോകളും, മാവേലി സ്റ്റോറുകളും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.<br>Written By: Rajina A.S (Auditor, On 23-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-07-2022) | 1-11 |
| 14 | ക്ഷീര സൊസൈറ്റികളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയില്ല.<br>Written By: Rajina A.S (Auditor, On 25-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-07-2022) | 1-12 |
| 15 | തൊഴിലുറപ്പ് പദ്ധതിയിൽ കാലിത്തൊഴുത്ത് നിർമ്മിച്ചതിന് ശേഷം തൻവർഷം കാലിത്തൊഴുത്ത് നവീകരണത്തിനായി സബ്സിഡി നൽകി.<br>Written By: R.Sheeja (Asst. Audit Officer, On 22-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-07-2022) | 1-13 |
| 16 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങൽ - തുക മുൻകൂറായി | 1-14 |

| | | |
|---|---|---|
| | നൽകിയെങ്കിലും ലാപ്പ്ടോപ്പ് ലഭ്യമാക്കിയില്ല.<br>Written By: R.Sheeja (Asst. Audit Officer, On 13-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-07-2022) | |
| 17 | ഓൺലൈൻ പഠനം - ടിവി സെറ്റുകൾക്ക് കേബിൾ കണക്ഷൻ ലഭ്യമാക്കിയില്ല.<br>Written By: Rajina A.S (Auditor, On 25-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-07-2022) | 1-15 |
| 18 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല.<br>Written By: R.Sheeja (Asst. Audit Officer, On 15-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-07-2022) | 1-16 |
| 19 | തൊഴിലുറപ്പ് പദ്ധതി - രേഖകൾ സൂക്ഷിക്കുന്നതിൽ അപാകത<br>Written By: Pradeep Kumar P (Audit Officer (HG), On 21-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-07-2022) | 1-17 |
| 20 | മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കുളം നിർമ്മിച്ചു നൽകിയ വ്യക്തികൾക്ക് വീണ്ടും കുളത്തിലെ മത്സ്യ കൃഷി എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കുളം നിർമ്മിക്കുന്നതിന് സബ്സിഡി നൽകി.<br>Written By: R.Sheeja (Asst. Audit Officer, On 23-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 14-07-2022) | 1-18 |
| 21 | അവസാന ബിൽ തുക കണക്കാക്കി നൽകിയതിൽ അപാകത 1,416/-രൂപ തിരികെ ഈടാക്കണം.<br>Written By: Pradeep Kumar P (Audit Officer (HG), On 23-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 14-07-2022) | 1-19 |
| 22 | മഴക്കാല പൂർവ്വ ശുചീകരണം - തുക ചെലവഴിച്ചതിലെ അപാകത<br>Written By: Rajina A.S (Auditor, On 23-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-07-2022) | 1-20 |
| 23 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Manjula Sagar (Asst. Audit Officer, On 23-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-07-2022) | 1-21 |
| 24 | പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടപ്പാക്കാത്തതിനാൽ പഞ്ചായത്തിന് അധിക ബാദ്ധ്യത<br>Written By: Rajina A.S (Auditor, On 23-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 14-07-2022) | 1-22 |
| 25 | തെരുവ് വിളക്ക് - ഓർഡിനറി ബൾബുകൾക്കും കറന്റ് ചാർജ് നൽകുന്നു.<br>Written By: Rajina A.S (Auditor, On 23-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 14-07-2022) | 1-23 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | തൊഴിലുറപ്പ് പദ്ധതിയിൽ കാലിത്തൊഴുത്ത് നിർമ്മിച്ചതിന് ശേഷം തൻവർഷം കാലിത്തൊഴുത്ത് നവീകരണത്തിനായി സബ്സിഡി നൽകി.<br>Written By: R.Sheeja (Asst. Audit Officer, On 22-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-07-2022) | 3-1 |
| 2 | മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കുളം നിർമ്മിച്ചു നൽകിയ വ്യക്തികൾക്ക് വീണ്ടും കുളത്തിലെ മൽസ്യകൃഷി എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കുളം നിർമ്മിക്കുന്നതിന് സബ്സിഡി നൽകി.<br>Written By: R.Sheeja (Asst. Audit Officer, On 23-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 14-07-2022) | 3-2 |
| 3 | മഴക്കാല പൂർവ്വ ശുചീകരണം - തുക ചെലവഴിച്ചതിലെ അപാകത | 3-3 |

| | | |
|---|---|---|
| | Written By: Rajina A.S (Auditor, On 23-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-07-2022) | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Rajina A.S (Auditor, On 14-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Rajina A.S (Auditor, On 23-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Rajina A.S (Auditor, On 16-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Rajina A.S (Auditor, On 14-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Manjula Sagar (Asst. Audit Officer, On 23-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Rajina A.S (Auditor, On 14-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Rajina A.S (Auditor, On 14-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Rajina A.S (Auditor, On 14-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 14-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Rajina A.S (Auditor, On 14-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 14-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rajina A.S (Auditor, On 25-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 14-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Rajina A.S (Auditor, On 14-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-07-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

02.03.2020 തീയതിയിലെ 3-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 24.02.2021 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 22.07.2021 | - | - |

### 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

1) വസ്തു നികുതി - സാംഖ്യയും സഞ്ചയയും പൊരുത്തപ്പെടുന്നില്ല.

2) B-7- Other Deposits-340200199- 19,500/-രൂപയുടെ വരവിന് ആധികാരികതയില്ല.

3) B-11-410710104 - Movable Assets, Furniture, Fixtures, Fittings & Electrical Appliances - എന്ന ഹെഡിൽ 2018-19 വർഷം രേഖപ്പെടുത്തിയ തുകയായ 1,58,25,933/-രൂപയാണ് 2019-20 ലും ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 2019-20 വർഷം എസ്.0198/20, എസ്.0216/20 എന്നീ പദ്ധതികളിലൂടെ യഥാക്രമം എയർ കണ്ടീഷണർ (36,000/-രൂപ), യു.പി.എസ് (88,064/രൂപ) എന്നീ വാങ്ങലുകൾ നടത്തിയിട്ടുണ്ട്(ആകെ - 1,24,064/-രൂപ). ആയത് ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

4) B-11-411320101-Accumulated Depreciation - Waterways – എന്ന ഹെഡിൽ 1,35,716/-രൂപ ഉൾപ്പെടുത്തിയതിന്റെ ആധികാരികത വ്യക്തമല്ല.

5) B—11 (A)- Capital Work In Progress എന്ന ഹെഡിൽ 2020-21 വർഷം എ.ഇ നിർവ്വഹണം നടത്തിയ എസ്.0183/21 എന്ന പദ്ധതിക്കായി 2,38,260/-രൂപ പാർട്ട് ബില്ലായി ചെലവഴിച്ചിട്ടുള്ളത് ഉൾപ്പെടുത്തിയിട്ടില്ല.

6) (B-18-460500204) Advance To Implementing Agencies എന്ന ഹെഡിൽ 2,00,000/-രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. 2017-18 വർഷം എ.ഇ നിർവഹണം നടത്തിയ എസ്.0074/18 - മേലില വെസ്റ്റ് വാർഡിൽ കുടിവെള്ള പദ്ധതി സ്ഥാപിക്കൽ എന്ന പദ്ധതിക്കായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിക്ഷേപിച്ച തുകയ്ക്ക് ലഭിച്ച വിനിയോഗ സാക്ഷ്യപത്രം പ്രകാരം 2019-20 വർഷം പദ്ധതി പൂർത്തിയായിട്ടുണ്ട്. ആയത് ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ല. കൂടാതെ ടി ഹെഡിൽ കുറവ് ചെയ്യുകയും ചെയ്തിട്ടില്ല.

7) B-18-46050020 – Other Advances – 652/-രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. രജിസ്റ്ററിൽ സമാന രേഖപ്പെടുത്തൽ ഇല്ലാത്തതിനാൽ ആധികാരികത വ്യക്തമല്ല.

8) സംയുക്ത പ്രോജക്ടിൽ ജില്ലാ പഞ്ചായത്തിന്റെ വരവ് – ചെലവ് കണക്കുകൾ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

9) മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) – Source Deduction 39,901/-രൂപയുടെ ചെലവ് വിവരം സുലേഖാ പത്രികയിൽ ഉൾപ്പെടുത്തിയില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,05,96,850/- രൂപ |
| വരവ് | 8,06,62,851/- രൂപ |
| ആകെ | 10,12,59,701/- രൂപ |

| | |
|---|---|
| ചെലവ് | 7,98,43,665/- രൂപ |
| നീക്കിയിരിപ്പ് | 2,14,16,036/- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | 51,480/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8,15,030/-രൂപ |

## 1-4 ഗ്രാന്റ് സ്റ്റേറ്റ്മെന്റ്

| ഗ്രാന്റ് | മുന്നിരിപ്പ് (രൂപ) | വരവ്(രൂപ) | ആകെ(രൂപ) | ചെലവ്(രൂപ) | നീക്കിയിരിപ്പ്/ലാപ്സായ തുക (രൂപ) | ക്യൂ ബിൽ |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 1,35,54,625/- | 1,35,54,625/- | 1,30,78,670/- | 4,75,955/- | |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 78,94,508/- | 78,94,508/- | 67,35,789/- | 11,58,719/- | |
| സി.എഫ്.സി - അൺടൈഡ് | 0 | 1,07,41,066/- | 1,07,41,066/- | 63,81,327/- | 43,59,739/- | |
| സി.എഫ്.സി - ടൈഡ് | 0 | 54,20,000/- | 54,20,000/- | 18,14,822/- | 36,05,178/- | |
| മെയിന്റനൻസ് ഗ്രാന്റ് – റോഡ് | 0 | 1,52,46,000/- | 1,52,46,000/- | 1,49,99,682/- | 2,46,318/- | |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | 0 | 39,45,000/- | 39,45,000/- | 39,43,529/- | 1,471/- | |
| സമ്പൂർണ്ണ ശുചിത്വം | 14,30,764/- | 49,747/- | 14,80,511/- | 3/- | 14,80,508/- | |
| എം.എൻ.ആർ.ഇ. ജി.എസ്. | 3,943/- | 10,08,614/- | 10,12,557/- | 10,09,858/- | 3,699/- | |
| ഐ.സി.ഡി.എസ് | 1,80,937/- | 8,31,883/- | 10,12,820/- | 7,11,636/- | 3,01,184/- | |
| ശുചിത്വ മിഷൻ ഗ്രാന്റ് | 2,55,520/- | 23,80,266/- | 26,35,786/- | 1,65,200/- | 24,70,586/- | |

### 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് - വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരം വികസനഫണ്ട് (ജനറൽ), സെൻട്രൽ സ്പോൺസേർഡ് സ്കീം, സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം എന്നിവയുടെ കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ്(രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 243 | 9,13,58,399/- | 203 | 6,23,71,454/- | 29 | 11 | 65% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3,943/- | 10,08,614/- | 10,12,557/- | 10,08,858/- | 3,699/- |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 3,99,66,903/- | 3,99,66,903/- | 3,99,66,903/- | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 44,160/- | 137 |
| കർഷകതൊഴിലാളി പെൻഷൻ | 23,14,700/- | |
| വിധവാപെൻഷൻ | 1,49,00,100/- | 42 |
| വാർദ്ധക്യകാലപെൻഷൻ | 2,33,76,200/- | 203 |
| വികലാംഗപെൻഷൻ | 50,35,600/- | 9 |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4,38,600/- | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 90,000/- | 3 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-11-21 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,119/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൌണ്ട് ചെയ്യുന്നുണ്ട്. മാനവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ട ചുമതലയുള്ളവർ കർത്തവ്യം നിർവ്വഹിക്കുന്നു. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങളോടും വിമർശനങ്ങളോടും കൂടി അംഗീകരിക്കുന്നു.

പഞ്ചായത്തിന്റെ പരിധിയിൽ കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയവരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്ന രീതി അനുവർത്തിച്ചിട്ടില്ല. ഈ ഇനത്തിലുള്ള വരുമാനസാദ്ധ്യതകൾ കൂടി പരിശോധിക്കേണ്ടതാണ്.

ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്റർ കൂടുതൽ കൃത്യതയുള്ളതാക്കേണ്ടതാണ്.

റോഡ്കണക്ടിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല എന്ന അപര്യാപ്തതയും നിലനിൽക്കുന്നു.

ഫ്രണ്ട് ഓഫീസ് ഡയറിയിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. ചില കാലയളവുകളിൽ ഡയറി എഴുതിയിട്ടുതന്നെയില്ല. സ്വീകരിച്ച അപേക്ഷകളുടെ തീർപ്പാക്കൽ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ ബന്ധപ്പെട്ടവർ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്. മിക്ക എസ്റ്റിമേറ്റുകളും പദ്ധതി നിർവ്വഹണഘട്ടത്തിൽ പുതുക്കേണ്ടുന്ന സാഹചര്യമുണ്ടാകുന്നത് അംഗീകരിക്കാൻ കഴിയുന്നതല്ല. മരാമത്ത് പ്രവൃത്തികളുടെ ടെന്റർ

നടപടികളിൽ മത്സരസ്വഭാവം ഇല്ല. ബഹുഭൂരിപക്ഷം പ്രവൃത്തികളുടേയും കരാറുകൾ 0.5%-മോ അതിൽ താഴെയോ ഉള്ള ടെന്റർ കിഴിവ് നിരക്കിലാണ് അനുവദിച്ചുകാണുന്നത്. 50,000/-രൂപ മുതൽ അടങ്കൽ തുകയുള്ള പദ്ധതികൾക്ക് ഇ-ടെന്ററിലൂടെ കരാറുകാരെ കണ്ടെത്താൻ ശ്രമിക്കുന്നതിലൂടെ ടെന്റർ നടപടികളിൽ കൂടുതൽ മത്സരസ്വഭാവം കൈവരിക്കാൻ സാധിക്കും എന്നതിനാൽ അത്തരം നടപടിക്ക് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

എം ജി എൻ ആർ ഇ ജി എസ് പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നതിലും രേഖകൾ സൂക്ഷിക്കുന്നതിലും അപാകതകൾ കാണുന്നു. അക്രഡിറ്റഡ് എഞ്ചിനീയർ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകൾക്കുമേൽ മേൽ പരിശോധനയോ അംഗീകാരം വാങ്ങലോ നടക്കുന്നില്ല. എം ജി എൻ ആർ ഇ ജി എസ് വിഭാഗം പ്രവർത്തനങ്ങളിൽ പഞ്ചായത്ത് ഭരണസമിതിയുടേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും കൂടുതൽ കാര്യക്ഷമമായ മേൽനോട്ടം ഉണ്ടാകേണ്ടതാണ്.

അപാകതകളിലേക്കും കൃത്യവിലോപങ്ങളിലേക്കും പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.11.2020 | 1/2020 - 3/2020 | 16.11.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.03.18 – 22.03.18 | 2012-13 – 2016-17 | 10.05.2018 |

## 1-11 റേഷൻ റീട്ടെയിൽ ഡിപ്പോകളും, മാവേലി സ്റ്റോറുകളും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണവകുപ്പിന്റെ പൊതുവിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും, മാവേലി സ്റ്റോറുകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 1 ക്രമ നം. 149). പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ റീട്ടെയിൽ ഡിപ്പോകളുടെയും, മാവേലി സ്റ്റോറുകളുടെയും വിവരങ്ങൾ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റന്വേഷണത്തിനു മറുപടി ലഭ്യമാക്കിയിട്ടില്ല. റേഷൻ കടകളെയും, മാവേലി സ്റ്റോറുകളെയും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കേണ്ടതും ആയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം – 4/17.11.2021

## 1-12 ക്ഷീര സൊസൈറ്റികളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരു സ്ഥാപനം/വ്യക്തിയുടെമേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. എന്നാൽ പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്ഷീര സൊസൈറ്റികളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന് കീഴിലുള്ള ക്ഷീര

സൊസൈറ്റികളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 4/17.11.2021

1-13 തൊഴിലുറപ്പ് പദ്ധതിയിൽ കാലിത്തൊഴുത്ത് നിർമ്മിച്ചതിന് ശേഷം തൻവർഷം കാലിത്തൊഴുത്ത് നവീകരണത്തിനായി സബ്സിഡി നൽകി.

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | | കാലിത്തൊഴുത്ത് നവീകരണം, വളക്കുഴി, മൂത്രത്തൊട്ടി നിർമ്മാണം, പ്രോജക്ട് നമ്പർ – 146/20-21 സ്പിൽ ഓവർ |
| നിർവഹണ ഉദ്യോഗസ്ഥൻ | | വെറ്റിനറി സർജൻ |
| അടങ്കൽ | വികസന ഫണ്ട്, ജനറൽ | 7,50,000/- |
| | മറ്റുള്ളവ | 7,50,000/- |
| | ആകെ | 15,00,000/- |
| ചെലവ് | വികസന ഫണ്ട്, ജനറൽ | 6,00,000/-<br>1. ബിൽ നമ്പർ.1/20-21, 27.10.21 - 1,25,000/-<br>2. ബിൽ നമ്പർ.6/20-21, 10.02.21 - 50,000/-<br>3. ബിൽ നമ്പർ.5/19-20 20.04.20 - 3,25,000/-<br>4. ബിൽ നമ്പർ.8/19-20, 20.04.20 - 1,00,000/- |
| | ആകെ | 6,00,000/- |

2020-21 സാമ്പത്തിക വർഷത്തിൽ മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് തൊഴിലുറപ്പ പദ്ധതിയിൽ ഉൾപ്പെടുത്തി കാലിത്തൊഴുത്ത് നിർമ്മിച്ച നൽകിയ വ്യക്തിക്ക് തന്നെയാണ് മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി കാലിത്തൊഴുത്ത് നവീകരണം നടത്തുന്നതിനും സബ്സിഡി നൽകിയിരിക്കുന്നത്. ഗുണഭോക്താവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താക്കളുടെ പേരും, മേൽവിലാസവും | എം.എൻ.ആർ.ഇ.ജി.എസ് പദ്ധതി പ്രകാരം ചെലവഴിച്ച തുക, പണി ചെയ്ത കാലയളവ് (മസ്റ്റർ റോൾ പ്രകാരം) | കാലിത്തൊഴുത്ത് നവീകരണം - വളക്കുഴി - മൂത്രത്തൊടി നിർമ്മാണം പ്രകാരം സബ്സിഡി നൽകിയ തുക (രൂപ) |
|---|---|---|---|
| 1 | ശ്രീമതി.സുലോചന, പറക്കുളത്ത് വീട്, മേലില ഈസ്റ്റ്, വാർഡ് 7 | 76,916/-<br>(10-08-2020 To 04-03-2021) | 25,000/-<br>(ബിൽ നമ്പർ.1/20-21, 27.10.2020 - 1,25,000/-) |
| | | ആകെ | 25,000/- |

ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ (എൻക്വയറി നമ്പർ. 8/20-21, 15.11.21 ) ടി വ്യക്തികൾ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടതിനാലും കാലിത്തൊഴുത്ത് നവീകരിച്ചതിന്റെ വാല്യുവേഷൻ സർട്ടിഫിക്കേറ്റ് അസി.എൻജിനീയറിൽ നിന്നും ലഭിച്ചതിനാലുമാണ് പ്രോജക്ട് പ്രകാരം തുക അനുവദിച്ചിട്ടുള്ളതെന്നും, ടി ആളുകൾ മറ്റൊരു ഡിപ്പാർട്ട്മെന്റിൽ നിന്നും സബ്സിഡി തുക കൈപ്പറ്റിയിട്ടുള്ള വിവരം ടി വ്യക്തികളോ വാർഡ് മെമ്പറോ അറിയിച്ചിട്ടില്ല എന്നുമാണ് നിർവഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുള്ളത്. ഈ മറുപടി അംഗീകരിക്കുന്നില്ല.

നിർവ്വഹണാധികാരി സ്ഥല പരിശോധന നടത്തിയിട്ടില്ല എന്ന് മറുപടിയിൽ നിന്നും വ്യക്തമാകുന്നു. ആവശ്യകത നിർണ്ണയിച്ചുമാത്രം പ്രോജക്ട് നിർവ്വഹണം ചെയ്യേണ്ടുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്തമാണ്. മേൽവ്യക്തിയുടെ കാലിത്തൊഴുത്തിന് നവീകരണത്തിന്റെ ആവശ്യകതയുണ്ടായിരുന്നോ എന്നും, നവീകരണം പൂർത്തീകരിച്ചിരുന്നോ എന്നും ഭൗതികമായി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥയുടെ ചുമതലയായിരുന്നു. ആയത് ഉറപ്പ് വരുത്തിയശേഷം അസി.എൻജിനീയറിൽ നിന്നും ലഭിച്ച വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ കൂടി അടിസ്ഥാനത്തിലാണ് സബ്സിഡി ഗുണഭോക്താക്കൾക്ക് നൽകേണ്ടിയിരുന്നത്. ആയതിനാൽ തൊഴിലുറപ്പ് പദ്ധതിയിൽ കാലിത്തൊഴുത്ത് നിർമ്മിച്ചതിന് ശേഷം അതേ സാമ്പത്തികവർഷം തന്നെ കാലിത്തൊഴുത്ത് നവീകരണത്തിനായി നൽകിയ തുകയായ 25,000/-രൂപ അംഗീകരിക്കുന്നില്ല.

നിരാകരിക്കുന്ന തുക : 25,000/-രൂപ

ഓഡിറ്റ് എൻക്വയറി നം: 8/20-21, 15.11.21

1-14 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങൽ - തുക മുൻകൂറായി നൽകിയെങ്കിലും ലാപ്പ്ടോപ്പ് ലഭ്യമാക്കിയില്ല.

2020-21 സാമ്പത്തിക വർഷത്തിൽ ഹെഡ് മാസ്റ്റർ, ഗവ.യു.പി സ്കൂൾ, മേലില നിർവ്വഹണ ഉദ്യോഗസ്ഥനായി വികസനഫണ്ട് (എസ്.സി.പി) ഇനത്തിൽ 1,50,000/-രൂപ അടങ്കൽ നിശ്ചയിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങൽ (പ്രോജക്ട് നമ്പർ.174/20-21). മേൽ പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് കെൽട്രോണിൽ നിന്ന് ലാപ്പ്ടോപ്പ് വാങ്ങുന്നതിനായി 1,13,515/-രൂപ (ബിൽ നമ്പർ. 7/20-21, 30.04.20) ചെലവഴിച്ചിട്ടുണ്ട്. തുക മുൻകൂറായി നൽകിയെങ്കിലും നാളിതുവരെ കെൽട്രോണിൽനിന്നും ലാപ്പ്ടോപ്പ് ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ കെൽട്രോണിൽ നിന്നും ലാപ്പ്ടോപ്പ് ലഭ്യമായിട്ടില്ല എന്നു മാത്രമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. 23.02.2019-ലെ 1-ാം നമ്പർ തീരുമാനപ്രകാരം അന്തിമ ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ച് നിർവഹണോദ്യോഗസ്ഥന് നൽകിയെങ്കിലും 2020-21 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവറായി മാത്രമാണ് ഈ പദ്ധതി നിർവഹണം നടത്തിയിട്ടുള്ളത്. ഇത് നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തെ ഗുരുതരമായ വീഴ്ചയാണ്. കെൽട്രോണിൽ നിന്ന് ലഭ്യമാക്കിയ പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ 5 ലാപ്പ്ടോപ്പുകൾ വാങ്ങുന്നതിനാണ് 1,13,515/-രൂപ ( 22703X5 ) മുൻകൂറായി നൽകിയത്. ഇപ്രകാരം തുക മുൻകൂറായി നൽകിയെങ്കിലും കെൽട്രോണുമായി നിർവഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ യാതൊരുകരാറിലും ഏർപ്പെട്ടില്ല. 2019-20 സാമ്പത്തിക വർഷത്തെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളിൽ പലരും 2021-2022 സാമ്പത്തിക വർഷമായപ്പോഴേക്കും കോഴ്സ് പൂർത്തിയാക്കിയിട്ടുണ്ടാകും.

പ്രസ്തുത സാഹചര്യത്തിൽ ലാപ്പ്ടോപ്പ് വാങ്ങുന്നതിനായി ചെലവഴിച്ച 1,13,515/-രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

ലാപ്പ്ടോപ്പ് ലഭ്യമാകാതിരിക്കുന്ന സാഹചര്യത്തിൽ ടി വിഷയത്തിൽ ഭരണസമിതിയുടെയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതും, ആയത് ലഭ്യമാക്കുന്നതിന് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥനും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

തടസ്സപ്പെടുത്തുന്ന തുക - 1,13,515/-രൂപ

ഓഡിറ്റ് എൻക്വയറി നം - 1 /20-21, 12.11.21

1-15 ഓൺലൈൻ പഠനം - ടിവി സെറ്റുകൾക്ക് കേബിൾ കണക്ഷൻ ലഭ്യമാക്കിയില്ല.

നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി

വൗച്ചർ നമ്പർ - 22000490/17.09.20

ചെക്ക് നം - 719441/17.09.2020

തുക - 2,15,840/- രൂപ (KSFE വിഹിതം- 1,60,000/- രൂപ പഞ്ചായത്ത് വിഹിതം- 55,840/-രൂപ)

ഗ്രാമപഞ്ചായത്തിൽ സർക്കുലർ നമ്പർ 39/2020(BD) തീയതി 22/06/2020-ന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ പഠന സൗകര്യം ലഭ്യമല്ലാത്ത വിദ്യാർഥികൾക്ക് പഠനസൗകര്യമേർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കെ.എസ്.എഫ്.ഇ ഓൺലൈൻ വിദ്യാസഹായി പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഒരു ടിവിക്ക്, വിലയുടെ 75 ശതമാനം അല്ലെങ്കിൽ പരമാവധി 10,000/-രൂപ കെ.എസ്.എഫ്.ഇയും ബാക്കി തുക തദ്ദേശ സ്വയംഭരണ സ്ഥാപനവും ചെലവഴിക്കുന്നതാണ് പദ്ധതി. പദ്ധതിയിലൂടെ ആകെ 16 ടിവി സെറ്റുകൾ വാങ്ങിയതിൽ 15 എണ്ണം അംഗൻവാടികൾക്കും ഒന്ന് സ്നേഹദീപം ഫോർ ബോയ്സ് ചിൽഡ്രൻസ് ഹോമിലേക്കും നൽകിയതിന്റെ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടുണ്ട്.

കുട്ടികൾക്ക് ഓൺലൈൻ പഠന സൗകര്യം ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യമെങ്കിലും മൂന്ന് അംഗൻവാടികളിൽ 22.11.2021 നടത്തിയ ഭൗതിക പരിശോധനയിൽ അംഗൻവാടികളിൽ സ്ഥാപിച്ചിരിക്കുന്ന ടിവികളിൽ ഒന്നുംതന്നെ കേബിൾ കണക്ഷൻ ഇല്ലാത്തതാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. സന്നദ്ധപ്രവർത്തകരുടെ സഹായത്തോടുകൂടി കേബിൾ കണക്ഷൻ എടുക്കാം എന്നുള്ളത് ഫലപ്രാപ്തിയിലെത്തിയില്ല എന്നാണ് ഇത് വ്യക്തമാക്കുന്നത്. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, കേബിൾ കണക്ഷൻ ഉണ്ടായിരുന്നു എന്നും സ്കൂൾ തുറന്ന സാഹചര്യത്തിലാണ് കണക്ഷൻ വിച്ഛേദിച്ചത് എന്നുമുള്ള മറുപടി അംഗീകരിക്കാൻ കഴിയില്ല, കാരണം സ്കൂളുകൾ തുറന്നെങ്കിലും എല്ലാ കുട്ടികളും സ്കൂളിൽ പോകുന്ന സാഹചര്യമില്ലാത്തതിനാൽ ഓൺലൈൻ പഠന സൗകര്യങ്ങൾ തുടർന്നുകൊണ്ടിരിക്കുകയാണ്. ആയതിനാൽ മേൽ പദ്ധതി ഒരു പാഴ്ച്ചെലവ് ആകാതിരിക്കുന്നതിനും പിന്നോക്കാവസ്ഥയിലുള്ള കുട്ടികളുടെ പഠനം മെച്ചപ്പെടുത്താൻ ഉപയുക്തമാക്കുന്നതിന് കേബിൾ കണക്ഷൻ ലഭ്യമാക്കേണ്ടതും കൃത്യമായ സ്റ്റോക്ക് രേഖകൾ സൂക്ഷിക്കുകയും ചെയ്ത് ആയത് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം – 11/20.11.22

1-16 മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല.

1. മേലില ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിന് മെഡിക്കൽ ഓഫീസർ, ഹോമിയോ ഹോംകോ, പാതിരപ്പള്ളിയ്ക്ക് തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ എല്ലാം ലഭ്യമായിട്ടില്ല.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം | അടങ്കൽ തുക (രൂപ) ഫണ്ടിനം. | ചെലവ് തുക (രൂപ) | ലഭിച്ച മരുന്നിന്റെ വില (രൂപ) | ലഭിക്കുവാനുള്ള മരുന്നിന്റെ വില (രൂപ) |
|---|---|---|---|---|---|
| 1. | മേലില ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ (നം.18/20-21) | 2,00,000/- മെയിന്റനൻസ് ഫണ്ട് നോൺറോഡ് | 2,00,000/- ബിൽ നമ്പർ.1/20-21, 25.08.20 | 1,49,104/- | 50,896/- |

2. മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം | അടങ്കൽ തുക (രൂപ) ഫണ്ടിനം. | ചെലവ് തുക (രൂപ) | ലഭിച്ച മരുന്നിന്റെ വില (രൂപ) | ലഭിക്കുവാനുള്ള മരുന്നിന്റെ വില (രൂപ) |
|---|---|---|---|---|---|
| 1. | പ്രൈമറി ഹെൽത്ത് സെന്ററിന് മരുന്ന് വാങ്ങൽ (നം.25/20-21) | 6,00,000/- മെയിന്റനൻസ് ഫണ്ട് നോൺറോഡ് | 6,00,000/- ബിൽ നമ്പർ.7/20-21, 22.09.20 | 4,23,765/- | 1,76,235/- |

മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും, ലഭ്യമാക്കുന്ന മരുന്നുകൾ സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.
ഓഡിറ്റ് എൻക്വയറി നം – 3/20-21, 15.11.21
ഓഡിറ്റ് എൻക്വയറി നം – 9/20-21, 18.11.21

1-17 തൊഴിലുറപ്പ് പദ്ധതി - രേഖകൾ സൂക്ഷിക്കുന്നതിൽ അപാകത

2020-21 വർഷത്തെ തൊഴിലുറപ്പ് പദ്ധതികളുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ഹാജരാക്കിയ ഫയലുകൾ പരിശോധിച്ചതിൽ പദ്ധതി പണം ചെലവഴിക്കുന്നതു സംബന്ധമായ രേഖകളിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഓഡിറ്റ് നിരീക്ഷിക്കുന്നു.

1. ഭൂസംരക്ഷണ പ്രവൃത്തികളുടെ എം ബുക്കുകളിൽ പ്രവൃത്തി തിരിച്ചറിയാൻ കഴിയത്തക്കവിധത്തിൽ സൈറ്റ് വിശദാംശങ്ങൾ രേഖപ്പെടുത്തുന്നില്ല.
2. എം ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ എം ബുക്ക് കൈപ്പറ്റുന്നവരുടെ വിവരങ്ങൾ ചേർത്ത് കൈയ്യൊപ്പ് വാങ്ങുന്നില്ല.
3. എം ബുക്കിൽ 'സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട്' രേഖപ്പെടുത്തിയിട്ടില്ല.
4. പല ഫയലുകളിലും എഫ് ടി ഒ പകർപ്പുകൾ ഭാഗികമായോ പൂർണമായോ സൂക്ഷിക്കുന്നില്ല.
ഉദാഹരണം : കിണർ നിർമ്മാണ പ്രവർത്തികൾ - ഐ എഫ് 480671, ഐ എഫ് 508125.
5. മസ്റ്റർ റോൾ പ്രകാരം കണക്കാക്കിയിരിക്കുന്ന പ്രവൃത്തിമൂല്യവും, എം ബുക്ക് പ്രകാരം കണക്കാക്കിയിരിക്കുന്ന പ്രവൃത്തിമൂല്യവും തമ്മിൽ വ്യത്യാസമുള്ളതായും, ഇവയിൽ കുറഞ്ഞ തുകയിൽ പരിമിതപ്പെടുത്തി തുക അനുവദിക്കുന്നതിനു പകരം ഉയർന്ന തുക നൽകിയിട്ടുള്ളതായും കാണുന്നു.
ഉദാഹരണം 1 : ഭൂവികസനപ്രവർത്തനം ഐ.ഡി .Wc 411085 (വാർഡ് നമ്പർ 12 നട്ടക്കുന്ന് വെസ്റ്റ്)
മസ്റ്റർ റോൾ പ്രകാരം കണക്കാക്കിയ തുക - 53,879/-രൂപ
എം.ബുക്ക് പ്രകാരം കണക്കാക്കിയ തുക - 52,073/-രൂപ
ഇതിൽ 53,879/- രൂപ അനുവദിച്ചു. FTO.No. 862208/15.3.21 : 9,331/-രൂപ.
FTO No. 862227/15.3.21 : 44,548/-രൂപ

ഉദാഹരണം 2 : ഭൂവികസനപ്രവർത്തനം ഐ.ഡി. FP 359630 (വാർഡ് 8 വലിയതോട് സംരക്ഷണം)
മസ്റ്റർ റോൾ പ്രകാരം കണക്കാക്കിയ തുക - 1,40,868/-രൂപ.
എം.ബുക്ക് പ്രകാരം കണക്കാക്കിയിട്ടുള്ള തുക - 1,27,624/-രൂപ.
ഇതിൽ 1,40,868/-രൂപ അനുവദിച്ചു.
FTO No.50617/19.05.2020 : 6,020/-രൂപ.

„ 50624/ „ : 19,565/-രൂപ.

„ 73240/28.5.2020 : 6,923/-രൂപ.

„ 73244/ „ : 25,284/-രൂപ.

„ 79589/30.5.2020 : 6,923/-രൂപ.

„ 79591/ „ : 27,993/-രൂപ.

„ 101231/8.6.2020 : 7,224/-രൂപ.

„ 101242/ „ : 27,692/-രൂപ.

„ 118171/16.6.2020 : 2,709/-രൂപ.

„ 118211/ „ : 10,535/-രൂപ.

ഉദാഹരണം 3 : ചെറുകിട ജലസേചനം ഐ.ഡി. IC 348950 (വാർഡ് 6 കെ.ഐ.പി കനാൽ നവീകരണം)
എം ബുക്ക് പ്രകാരം കണക്കാക്കിയിരിക്കുന്ന തുക : 87,892/-രൂപ.
മസ്റ്റർ റോൾ പ്രകാരം കണക്കാക്കിയ തുക - 93,912/-രൂപ.
ഇതിൽ 93,912/-രൂപ അനുവദിച്ചു.
FTO No.726907/6.2.2021 : 28,595/-രൂപ.

„ 726898/ „ : 19,565/-രൂപ.

„ 787918/26.2.2021 : 10,535/-രൂപ.

„ 787931/ „ : 12,943/-രൂപ.

„ 863649/15.3.2021 : 7,826/-രൂപ.

„ 863660/ „ : 14,448/-രൂപ.

6. എം ബുക്ക് പ്രകാരവും മസ്റ്റർറോൾ പ്രകാരവും കണക്കാക്കിയതിലും കുറഞ്ഞ തുക അനുവദിച്ചു നൽകിയിട്ടുള്ളതായും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.
ഉദാഹരണം : ചെറുകിട ജലസേചനം ഐ.ഡി.FP 361559 (വാർഡ് 10, പതിക്കോട്ട് ചിറഭാഗം കൈത്തോട് സംരക്ഷണം)
എം ബുക്ക്/ മസ്റ്റർ റോൾ പ്രകാരവും കണക്കാക്കിയിരിക്കുന്ന പ്രവൃത്തി മൂല്യം - 70,738/-രൂപ.
അനുവദിച്ചു നൽകിയ തുക : 65,317/-രൂപ.

മേൽ അപാകതകൾക്കുമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 6/17.11.21 ന്, 2022-23 വർഷം മുതൽ പരാമർശ അപാകതകളെല്ലാം പരിഹരിക്കപ്പെട്ടിട്ടുണ്ട് എന്ന് സെക്രട്ടറി, അസി.സെക്രട്ടറി, അക്രഡിറ്റഡ് എഞ്ചിനീയർ എന്നിവർ ഒപ്പുവച്ച് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകതകൾ പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-18 മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കുളം നിർമ്മിച്ചു നൽകിയ വ്യക്തികൾക്ക് വീണ്ടും കുളത്തിലെ മത്സ്യ കൃഷി എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കുളം നിർമ്മിക്കുന്നതിന് സബ്സിഡി നൽകി.

മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കുളം നിർമ്മിച്ചു നൽകിയ വ്യക്തികൾക്ക് വീണ്ടും കുളത്തിലെ മൽസ്യകൃഷി എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കുളം നിർമ്മിക്കുന്നതിന് സബ്സിഡി നൽകി.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കുളത്തിലെ മൽസ്യകൃഷി, പ്രോജക്ട് നമ്പർ.193/20-21 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഫിഷറീസ് സബ്ഇൻസ്പെക്ടർ |

| | | |
|---|---|---|
| അടങ്കൽ | വികസന ഫണ്ട്, ജനറൽ | 1,04,960/- |
| | ബ്ലോക്ക് വിഹിതം | 52,480/- |
| | ജില്ലാ പഞ്ചായത്ത് വിഹിതം | 1,04,960/- |
| | മറ്റുള്ളവ | 7,21,600/- |
| | ആകെ | 9,84,000/- |
| ചെലവ് | വികസന ഫണ്ട്, ജനറൽ | 1,04,180/- ( ബിൽ നമ്പർ.1/20-21, 28.03.21 ) |
| | ജില്ലാ പഞ്ചായത്ത് വിഹിതം | 90,524/- ( ബിൽ നമ്പർ.2/20-21, 30.03.21 ) |
| | ആകെ | 1,94,704/- |

മത്സ്യ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുക, വരുമാനം സൃഷ്ടിക്കുക എന്ന ഉദ്ദേശത്തോടെ ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് കുളത്തിലെ മൽസ്യകൃഷി (പ്രോജക്ട് നമ്പർ.193/20-21 ). സുഭിക്ഷ കേരളം - സബ്സിഡി മാർഗ്ഗരേഖ ഭേദഗതികളും കൂട്ടിച്ചേർക്കലുകളും ഉത്തരവ് നം.1009/2009/ത.സ്വ.ഭ.വ തീയതി 29.05.2020 പ്രകാരം പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് യൂണിറ്റ് ചെലവിന്റെ 40% സബ്സിഡിയും, സബ്സിഡി തുകയുടെ മൂന്നിൽ രണ്ട് വിഹിതം തദ്ദേശഭരണ സ്ഥാപനവും, മൂന്നിലൊന്ന് ഫിഷറീസ് വകുപ്പും വഹിക്കണമെന്നാണ്.

മേൽ ഉത്തരവിലെ നം.1009/2009/ത.സ്വ.ഭ.വ തീയതി 29.05.2020 പ്രകാരം പൊതുമാർഗ്ഗ നിർദ്ദേശത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കുന്ന പ്രവർത്തനങ്ങളുടെ യൂണിറ്റ് തുക അതാത് യൂണിറ്റ് ചെലവിൽ കുറവ് ചെയ്യാവുന്നതും ശേഷിക്കുന്ന പ്രവർത്തനങ്ങളുടെ സബ്സിഡി തുക പദ്ധതി ആനുകൂല്യമായി തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിക്കാവുന്നതുമാണ്. എന്നാൽ 2020-21 വർഷത്തിൽ മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കുളം നിർമ്മിച്ചു നൽകിയ വ്യക്തികൾക്ക് വീണ്ടും കുളത്തിലെ മൽസ്യകൃഷി എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കുളം നിർമ്മിക്കുന്നതിന് സബ്സിഡി നൽകിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താക്കളുടെ പേരും, മേൽവിലാസവും | എം.എൻ.ആർ.ഇ.ജി.എസ് പദ്ധതി പ്രകാരം ചെലവഴിച്ച തുക, പണി ചെയ്ത കാലയളവ് (മസ്റ്റർ റോൾ പ്രകാരം) | കുളത്തിലെ മൽസ്യകൃഷി പ്രകാരം കുളം നിർമ്മിക്കുന്നതിന് സബ്സിഡി നൽകിയ തുക (രൂപ) |
|---|---|---|---|
| 1 | ശ്രീ.ഹർഷൻ,<br>ബാബുമന്ദിരം<br>മേലില സൗത്ത്<br>വാർഡ് 8 | 34,013/-<br>(30-10-20 To 21-11-20) | 7,360/- |
| 2 | ശ്രീ.രാജു.എൽ,<br>കിഴക്കേവിള വീട്<br>മൈലാടുംപാറ<br>വാർഡ് 4 | 52,374/-<br>( 14-08-20 To 04-09-20 ) | 7,360/- |
| 3 | ശ്രീ.പ്രകാശ്,<br>പ്രവീൺ ഭവനം<br>മേലില പി.ഒ<br>മേലില ഈസ്റ്റ്<br>വാർഡ് 7 | 52,976/-<br>( 06-11-20 To 31-12-20 ) | 3,680/- |

| | | | |
|---|---|---|---|
| 4 | ശ്രീ.മുരളീധരൻപിള്ള, അച്യുതാലയം ചെങ്ങമനാട് പി.ഒ നടുക്കുന്ന് ഈസ്റ്റ് വാർഡ് 10 | 87,892/- (14-07-20 To 25-10-20 ) | 3,680/- |
| | | ആകെ | 22,080/- |

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ (എൻക്വയറി നമ്പർ.2 /20-21, 15.11.21) മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് പദ്ധതിപ്രകാരം എൻക്വയറിയിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള തുകയുള്ള തൊഴിൽദിനങ്ങൾ അനുവദിച്ചുനൽകിയെങ്കിലും മേൽ കർഷകർക്ക് സ്വന്തം ചെലവിൽ പ്രവർത്തി ചെയ്ത മൽസ്യക്കൃഷിക്ക് അനുയോജ്യമാക്കിയെടുക്കേണ്ടി വന്നതുകൊണ്ടാണ് സബ്സിഡി നൽകേണ്ടതായി വന്നതെന്നാണ് നിർവഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുള്ളത്. ആയത് അംഗീകരിക്കുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ കുളം നിർമ്മിച്ചതിന് ശേഷം കുളത്തിലെ മൽസ്യകൃഷി എന്ന പദ്ധതി പ്രകാരം കുളം നിർമ്മിക്കുന്നതിന് സബ്സിഡി നൽകിയ തുകയായ 22,080/-രൂപ അംഗീകരിക്കുന്നില്ല.

നിരാകരിക്കുന്ന തുക : 22,080/-
ഓഡിറ്റ് എൻക്വയറി നം : 2/20-21, 15.11.21

1-19 അവസാന ബിൽ തുക കണക്കാക്കി നൽകിയതിൽ അപാകത 1,416/-രൂപ തിരികെ ഈടാക്കണം.

പ്രോജക്ട് നമ്പർ - എസ്.ഒ.207/ 21. പൊതുകിണറുകളുടെ പുനരുദ്ധാരണം.
അടങ്കൽ തുക - 2,00,000/-രൂപ (ധനകാര്യകമ്മീഷൻ അവാർഡ് )
നിർവ്വഹണാധികാരി – അസി.എഞ്ചിനീയർ.
ചെലവ് - 188,045/-രൂപ.
ബിൽ നമ്പർ - 28/16.9.20
കരാറുകാരൻ - സതീഷ്.വി.ലൂക്കോസ്.
കരാർ നമ്പർ - 68/AE/LSGD/MGP/ 19-20/18.11.19
പ്രവൃത്തിയുടെ എം ബുക്ക് നമ്പർ 99/19-20 പേജ് 28 പ്രകാരം കണക്കാക്കിയിരിക്കുന്ന ആകെ പ്രവൃത്തി മൂല്യം, GST വിഹിതമുൾപ്പടെ, ചുവടെ ചേർക്കും പ്രകാരം 1,86,629/-രൂപയാണ്.
മൂല്യം - 66,633.39/-
12% GST വിഹിതം - 19,996/-
ആകെ - 1,86,629.39/-
= 1,86,629/-
എന്നാൽ 16.9.2020 ലെ ബിൽ നമ്പർ 28 പ്രകാരം 1,88,045/-രൂപ പിൻവലിച്ചു കാണുന്നു.
1,416/-രൂപ അധികചെലവ് ഉണ്ടായി. അപാകതയ്ക്ക് മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.15/22.11.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 1,416/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

1-20 മഴക്കാല പൂർവ്വ ശുചീകരണം - തുക ചെലവഴിച്ചതിലെ അപാകത

മഴക്കാല പൂർവ്വ ശുചീകരണവുമായി ബന്ധപ്പെട്ട് 2020-21 ൽ ശുചിത്വമിഷൻ ഫണ്ടിൽ നിന്നും 1,50,000/-രൂപ(ചെക്ക് നം.614446, തീ.30.4.20) മെഡിക്കൽ ഓഫീസർ, പി.എച്ച്.സി-ക്ക് അനുവദിച്ചിട്ടുണ്ട്. ഒരു വാർഡിന് 10,000/-രൂപ ക്രമത്തിൽ 15 വാർഡുകൾക്കും തുക അനുവദിച്ചിട്ടുണ്ട്.

9-ാം വാർഡിൽനിന്നും ഹാജരാക്കിയ 4,400/-രൂപയുടെ ചെലവ് രേഖകൾ 2019-20 സാമ്പത്തിക വർഷത്തേതാണ്.

| 9-ാം വാർഡിലേക്ക് അനുവദിച്ച തുക (രൂപ) (മഴക്കാല പൂർവ്വശുചീകരണം) | 2020-21 ലെ വൌച്ചർ പ്രകാരം ചെലവഴിച്ച തുക (രൂപ) | 2019-20 ലെ വൌച്ചർ പ്രകാരം ചെലവഴിച്ച തുക (രൂപ) |
|---|---|---|
| 10,000/- | 5,600/- | 4,400/- |

2019 നവംബർ, ഡിസംബർ മാസങ്ങളിൽ നടത്തിയ സ്പെഷ്യൽ ആക്ടിവിറ്റീസിന്റെ തുക വോളണ്ടിയർമാർക്ക് കൊടുക്കാതിരുന്നത് കൊടുക്കുന്നതിനായാണ് 2020-21 ശുചിത്വമിഷൻ ഫണ്ടിലെ 4,400/-രൂപ ഉപയോഗിച്ചത് എന്ന മെഡിക്കൽ ഓഫീസറുടെ മറുപടി അംഗീകരിക്കാൻ കഴിയില്ല. അതത് സാമ്പത്തിക വർഷങ്ങളിൽ രോഗവ്യാപനം തടയാൻ ആവശ്യമായ മഴക്കാലപൂർവ്വ പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന തുകയിൽനിന്ന് മുൻവർഷങ്ങളിലെ മറ്റ് പ്രവർത്തനങ്ങളുടെ ചെലവ് രേഖകൾ ഹാജരാക്കിയതും ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കേണ്ടതാണ്.

നിരാകരിച്ച തുക - 4,400/-രൂപ

ഓഡിറ്റ് എൻക്വയറി നം – 10/20.11.2021

1-21 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ ചേർത്തിട്ടുള്ള പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ ചെലവ് ചെയ്ത 7,01,515/-രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

| ക്രമ നം | പ്രോജക്ട് നം, പേര് | അടങ്കൽ, ഫണ്ടിനം | ചെലവ് തുക(രൂപ) | ബിൽ നം/തീയതി |
|---|---|---|---|---|
| 1 | എസ്.0001/21- എസ്.എസ്.എ- വിഹിതം നൽകൽ | 5,76,515/-രൂപ (വികസന ഫണ്ട് (ജനറൽ)) | 5,76,515/- | 7/20-21, 18.9.2020 |
| 2 | എസ്.0002/21- ഐ.കെ.എമ്മിന് വിഹിതം നൽകൽ | 75,000/-രൂപ (വികസന ഫണ്ട്) | 75,000/- | 8/20-21, 18.9.2020) |
| 3 | എസ്.0003/21- ജീവനം പദ്ധതി- ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ | 50,000/-രൂപ (വികസന ഫണ്ട്) | 50,000/- | 9/20-21, 18.9.2020) |
| | | ആകെ | 7,01,515/- | |

തടസ്സപ്പെടുത്തുന്ന തുക – 7,01,515/-രൂപ

ഓഡിറ്റ് എൻക്വയറി നം – 14/22.11.2021

1-22 പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടപ്പാക്കാത്തതിനാൽ പഞ്ചായത്തിന് അധിക ബാദ്ധ്യത

ഗ്രാമപഞ്ചായത്തിൽ KWA യ്ക്ക് ടാപ്പൊന്നിന് 5,250/-രൂപ പ്രതിവർഷനിരക്കിൽ 142 പൊതുടാപ്പുകൾക്ക് പ്രതിമാസം 62,125/-രൂപ വാട്ടർ ചാർജായി അടവാക്കുന്നുണ്ട്. പൊതുടാപ്പുകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരങ്ങളും സംയുക്ത പരിശോധന നടത്തുന്നതിന് സ്വീകരിച്ച നടപടികളും സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ജലജീവൻ പദ്ധതിയുടെ പൂർത്തീകരണത്തിനു ശേഷം സംയുക്ത പരിശോധന നടത്തി പൈപ്പ് കണക്ഷനുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പഞ്ചായത്ത് - വാട്ടർ അതോറിറ്റി സംയുക്ത പരിശോധനയിലൂടെ വിവിധ വാർഡുകളിലെ പൊതുടാപ്പുകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരശേഖരണം നടത്തി റിപ്പോർട്ട് ലഭ്യമാക്കി. ആയതിന്റെ അടിസ്ഥാനത്തിൽ അധികമായി വാട്ടർ ചാർജിനത്തിൽ തുക അടവാക്കിയിട്ടുണ്ടെങ്കിൽ അത് തിട്ടപ്പെടുത്തി വരുംമാസങ്ങളിലെ ബില്ലുകളിൽ ക്രമീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം - 12/20.11.2021

1-23 തെരുവ് വിളക്ക് - ഓർഡിനറി ബൾബുകൾക്കും കറന്റ് ചാർജ് നൽകുന്നു.

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ (കൺസ്യൂമർ നമ്പർ - 1145902001901) കെ.എസ്.ഇ.ബി യിൽനിന്നും ലഭ്യമാക്കിയിരിക്കുന്ന സ്റ്റേറ്റ്മെന്റ് പരിശോധിച്ചപ്പോൾ പഞ്ചായത്തിൽ നിലവിൽ ഉപയോഗത്തിലില്ലാത്ത ഓർഡിനറി ബൾബുകൾക്കും കറന്റ് ചാർജ് നൽകിയിരിക്കുന്നതായി വ്യക്തമാകുന്നു. കെ.എസ്.ഇ.ബിയുടെ ഇലക്ട്രിക്കൽ സെക്ഷൻ, ചെങ്ങമനാട് 21.12.2019-ൽ നൽകിയ ES CMD/Street Light/Unmetered/2019-20/44 കത്ത് പ്രകാരം 467 സാധാരണ ബൾബുകളും ഉപയോഗിക്കുന്നതായി കണക്കാക്കിയാണ് കെ.എസ്.ഇ.ബി-യ്ക്ക് തുക നൽകുന്നത്.

| തെരുവു വിളക്കിന്റെ ഇനം | എണ്ണം | പ്രകാശിക്കുന്ന സമയം |
|---|---|---|
| സി.എഫ്.എൽ ആട്ടോമാറ്റിക് ഓൺ/ഓഫ് സി.എഫ്.എൽ 2 X 11 | 622 | 12 മണിക്കൂർ |
| എൽ.ഇ.ഡി 1 X 18 | 5 | 12 മണിക്കൂർ |
| ഫ്ലൂറസെന്റ് ട്യൂബ് 1 X 40 | 338 | 12 മണിക്കൂർ |
| ഓർഡിനറി 1 X 40 | 467 | 12 മണിക്കൂർ |

നിലവിൽ സാധാരണ ബൾബുകൾ ഒന്നും പഞ്ചായത്തിൽ ഉപയോഗിക്കുന്നില്ലായെന്നിരിക്കെ കെ.എസ്.ഇ.ബിയുടെ മേൽ കത്ത് പ്രകാരം ആവശ്യപ്പെട്ടിരിക്കുന്ന സംയുക്ത പരിശോധന നടത്തുന്നതിനും ഓർഡിനറി ബൾബുകളുടെ കറന്റ് ചാർജ് ഒഴിവാക്കുന്നതിനും സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നിലാവ് പദ്ധതിയുടെ പൂർത്തീകരണത്തിനു ശേഷം സംയുക്ത പരിശോധന നടത്തി ഓർഡിനറി ബൾബുകളുടെ കറന്റ് ചാർജ് ഒഴിവാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സംയുക്ത പരിശോധന നടത്തുന്നതിനും ഓർഡിനറി ബൾബുകളുടെ കറന്റ് ചാർജ് ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിച്ച് തുടർനടപടികൾ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 12/20.11.2021

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 തൊഴിലുറപ്പ് പദ്ധതിയിൽ കാലിത്തൊഴുത്ത് നിർമ്മിച്ചതിന് ശേഷം തൻവർഷം കാലിത്തൊഴുത്ത് നവീകരണത്തിനായി സബ്സിഡി നൽകി.

| | | |
|---|---|---|
| പ്രോജക്റ്റിന്റെ പേര് | | കാലിത്തൊഴുത്ത് നവീകരണം, വളക്കുഴി, മൂത്രത്തൊട്ടി നിർമ്മാണം, പ്രോജക്റ്റ് നമ്പർ – 146/20-21 സ്പിൽ ഓവർ |
| നിർവഹണ ഉദ്യോഗസ്ഥൻ | | വെറ്റിനറി സർജൻ |
| അടങ്കൽ | വികസന ഫണ്ട്, ജനറൽ | 7,50,000/- |
| | മറ്റുള്ളവ | 7,50,000/- |
| | ആകെ | 15,00,000/- |
| ചെലവ് | വികസന ഫണ്ട്, ജനറൽ | 6,00,000/-<br>1. ബിൽ നമ്പർ.1/20-21, 27.10.21 - 1,25,000/-<br>2. ബിൽ നമ്പർ.6/20-21, 10.02.21 - 50,000/-<br>3. ബിൽ നമ്പർ.5/19-20 20.04.20 - 3,25,000/-<br>4. ബിൽ നമ്പർ.8/19-20, 20.04.20 - 1,00,000/- |
| | ആകെ | 6,00,000/- |

2020-21 സാമ്പത്തിക വർഷത്തിൽ മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് തൊഴിലുറപ്പ പദ്ധതിയിൽ ഉൾപ്പെടുത്തി കാലിത്തൊഴുത്ത് നിർമ്മിച്ച നൽകിയ വ്യക്തിക്ക് തന്നെയാണ് മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി കാലിത്തൊഴുത്ത് നവീകരണം നടത്തുന്നതിനും സബ്സിഡി നൽകിയിരിക്കുന്നത്. ഗുണഭോക്താവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താക്കളുടെ പേരും, മേൽവിലാസവും | എം.എൻ.ആർ.ഇ.ജി.എസ് പദ്ധതി പ്രകാരം ചെലവഴിച്ച തുക, പണി ചെയ്ത കാലയളവ് (മസ്റ്റർ റോൾ പ്രകാരം) | കാലിത്തൊഴുത്ത് നവീകരണം - വളക്കുഴി - മൂത്രത്തൊടി നിർമ്മാണം പ്രകാരം സബ്സിഡി നൽകിയ തുക (രൂപ) |
|---|---|---|---|
| 1 | ശ്രീമതി.സുലോചന,<br>പറക്കുളത്ത് വീട്,<br>മേലില ഈസ്റ്റ്,<br>വാർഡ് 7 | 76,916/-<br>(10-08-2020 To 04-03-2021) | 25,000/-<br>(ബിൽ നമ്പർ.1/20-21, 27.10.2020 - 1,25,000/-) |
| | | ആകെ | 25,000/- |

ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ (എൻക്വയറി നമ്പർ. 8/20-21, 15.11.21 ) ടി വ്യക്തികൾ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടതിനാലും കാലിത്തൊഴുത്ത് നവീകരിച്ചതിന്റെ വാല്യുവേഷൻ സർട്ടിഫിക്കേറ്റ് അസി.എൻജിനീയറിൽ നിന്നും ലഭിച്ചതിനാലുമാണ് പ്രോജക്റ്റ് പ്രകാരം തുക അനുവദിച്ചിട്ടുള്ളതെന്നും, ടി ആളുകൾ മറ്റൊരു ഡിപ്പാർട്ട്മെന്റിൽ നിന്നും സബ്സിഡി തുക കൈപ്പറ്റിയിട്ടുള്ള വിവരം ടി വ്യക്തികളോ വാർഡ് മെമ്പറോ അറിയിച്ചിട്ടില്ല എന്നുമാണ് നിർവഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുള്ളത്. ഈ മറുപടി അംഗീകരിക്കുന്നില്ല. നിർവ്വഹണാധികാരി സ്ഥല പരിശോധന നടത്തിയിട്ടില്ല എന്ന് മറുപടിയിൽ നിന്നും വ്യക്തമാകുന്നു. ആവശ്യകത നിർണ്ണയിച്ചുമാത്രം പ്രോജക്റ്റ് നിർവ്വഹണം ചെയ്യേണ്ടുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്തമാണ്. മേൽവ്യക്തിയുടെ കാലിത്തൊഴുത്തിന് നവീകരണത്തിന്റെ ആവശ്യകതയുണ്ടായിരുന്നോ എന്നും, നവീകരണം പൂർത്തീകരിച്ചിരുന്നോ എന്നും ഭൗതികമായി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥയുടെ ചുമതലയായിരുന്നു. ആയത് ഉറപ്പ് വരുത്തിയശേഷം അസി.എൻജിനീയറിൽ നിന്നും ലഭിച്ച വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ കൂടി അടിസ്ഥാനത്തിലാണ് സബ്സിഡി ഗുണഭോക്താക്കൾക്ക് നൽകേണ്ടിയിരുന്നത്. ആയതിനാൽ തൊഴിലുറപ്പ് പദ്ധതിയിൽ കാലിത്തൊഴുത്ത് നിർമ്മിച്ചതിന് ശേഷം അതേ സാമ്പത്തികവർഷം തന്നെ കാലിത്തൊഴുത്ത് നവീകരണത്തിനായി നൽകിയ തുകയായ 25,000/-രൂപ അംഗീകരിക്കുന്നില്ല.

നിരാകരിക്കുന്ന തുക : 25,000/-രൂപ

ഓഡിറ്റ് എൻക്വയറി നം: 8/20-21, 15.11.21

### 3-2 മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കുളം നിർമ്മിച്ച നൽകിയ വ്യക്തികൾക്ക് വീണ്ടും കുളത്തിലെ മൽസ്യകൃഷി എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കുളം നിർമ്മിക്കുന്നതിന് സബ്സിഡി നൽകി.

മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കുളം നിർമ്മിച്ച നൽകിയ വ്യക്തികൾക്ക് വീണ്ടും കുളത്തിലെ മൽസ്യകൃഷി എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കുളം നിർമ്മിക്കുന്നതിന് സബ്സിഡി നൽകി.

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | | കുളത്തിലെ മൽസ്യകൃഷി, പ്രോജക്ട് നമ്പർ.193/20-21 |
| നിർവഹണ ഉദ്യോഗസ്ഥൻ | | ഫിഷറീസ് സബ്ഇൻസ്പെക്ടർ |
| അടങ്കൽ | വികസന ഫണ്ട്, ജനറൽ | 1,04,960/- |
| | ബ്ലോക്ക് വിഹിതം | 52,480/- |
| | ജില്ലാ പഞ്ചായത്ത് വിഹിതം | 1,04,960/- |
| | മറ്റുള്ളവ | 7,21,600/- |
| | ആകെ | 9,84,000/- |
| ചെലവ് | വികസന ഫണ്ട്, ജനറൽ | 1,04,180/- ( ബിൽ നമ്പർ.1/20-21, 28.03.21 ) |
| | ജില്ലാ പഞ്ചായത്ത് വിഹിതം | 90,524/- ( ബിൽ നമ്പർ.2/20-21, 30.03.21 ) |
| | ആകെ | 1,94,704/- |

മത്സ്യ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുക, വരുമാനം സൃഷ്ടിക്കുക എന്ന ഉദ്ദേശത്തോടെ ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് കുളത്തിലെ മൽസ്യകൃഷി (പ്രോജക്ട് നമ്പർ.193/20-21 ). സുഭിക്ഷ കേരളം - സബ്സിഡി മാർഗ്ഗരേഖ ഭേദഗതികളും കൂട്ടിചേർക്കലുകളും ഉത്തരവ് നം.1009/2009/ത.സ്വ.ഭ.വ തീയതി 29.05.2020 പ്രകാരം പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് യൂണിറ്റ് ചെലവിന്റെ 40% സബ്സിഡിയും, സബ്സിഡി തുകയുടെ മൂന്നിൽ രണ്ട് വിഹിതം തദ്ദേശഭരണ സ്ഥാപനവും, മൂന്നിലൊന്ന് ഫിഷറീസ് വകുപ്പും വഹിക്കണമെന്നാണ്.

മേൽ ഉത്തരവിലെ നം.1009/2009/ത.സ്വ.ഭ.വ തീയതി 29.05.2020 പ്രകാരം പൊതുമാർഗ്ഗ നിർദ്ദേശത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കുന്ന പ്രവർത്തനങ്ങളുടെ യൂണിറ്റ് തുക അതാത് യൂണിറ്റ് ചെലവിൽ കുറവ് ചെയ്യാവുന്നതും ശേഷിക്കുന്ന പ്രവർത്തനങ്ങളുടെ സബ്സിഡി തുക പദ്ധതി ആനുകൂല്യമായി തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിക്കാവുന്നതുമാണ്. എന്നാൽ 2020-21 വർഷത്തിൽ മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കുളം നിർമ്മിച്ച നൽകിയ വ്യക്തികൾക്ക് വീണ്ടും കുളത്തിലെ മൽസ്യകൃഷി എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കുളം നിർമ്മിക്കുന്നതിന് സബ്സിഡി നൽകിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താക്കളുടെ പേരും, മേൽവിലാസവും | എം.എൻ.ആർ.ഇ.ജി.എസ് പദ്ധതി പ്രകാരം ചെലവഴിച്ച തുക, പണി ചെയ്ത കാലയളവ് (മസ്റ്റർ റോൾ പ്രകാരം) | കുളത്തിലെ മൽസ്യകൃഷി പ്രകാരം കുളം നിർമ്മിക്കുന്നതിന് സബ്സിഡി നൽകിയ തുക (രൂപ) |
|---|---|---|---|
| 1 | ശ്രീ.ഹർഷൻ,<br>ബാബുമന്ദിരം<br>മേലില സൗത്ത് | 34,013/-<br>(30-10-20 To 21-11-20) | 7,360/- |

| | | | |
|---|---|---|---|
| | വാർഡ് 8 | | |
| 2 | ശ്രീ.രാജു.എൽ,<br>കിഴക്കേവിള വീട്<br>മൈലാട്ടുംപാറ<br>വാർഡ് 4 | 52,374/-<br>( 14-08-20 To 04-09-20 ) | 7,360/- |
| 3 | ശ്രീ.പ്രകാശ്,<br>പ്രവീൺ ഭവനം<br>മേലില പി.ഒ<br>മേലില ഈസ്റ്റ്<br>വാർഡ് 7 | 52,976/-<br>( 06-11-20 To 31-12-20 ) | 3,680/- |
| 4 | ശ്രീ.മുരളീധരൻപിള്ള,<br>അച്യുതാലയം<br>ചെങ്ങമനാട് പി.ഒ<br>നടുക്കുന്ന് ഈസ്റ്റ്<br>വാർഡ് 10 | 87,892/-<br>(14-07-20 To 25-10-20 ) | 3,680/- |
| | | ആകെ | 22,080/- |

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ (എൻക്വയറി നമ്പർ.2 /20-21, 15.11.21) മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് പദ്ധതിപ്രകാരം എൻക്വയറിയിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള തുകയുള്ള തൊഴിൽദിനങ്ങൾ അനുവദിച്ചുനൽകിയെങ്കിലും മേൽ കർഷകർക്ക് സ്വന്തം ചെലവിൽ പ്രവർത്തി ചെയ്തു മൽസ്യക്യഷിക്ക് അനുയോജ്യമാക്കിയെടുക്കേണ്ടി വന്നതുകൊണ്ടാണ് സബ്സിഡി നൽകേണ്ടതായി വന്നതെന്നാണ് നിർവഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുള്ളത്. ആയത് അംഗീകരിക്കുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ കുളം നിർമ്മിച്ചതിന് ശേഷം കുളത്തിലെ മൽസ്യകൃഷി എന്ന പദ്ധതി പ്രകാരം കുളം നിർമ്മിക്കുന്നതിന് സബ്സിഡി നൽകിയ തുകയായ 22,080/-രൂപ അംഗീകരിക്കുന്നില്ല.

നിരാകരിക്കുന്ന തുക : 22,080/-
ഓഡിറ്റ് എൻക്വയറി നം : 2/20-21, 15.11.21

3-3 മഴക്കാല പൂർവ്വ ശുചീകരണം - തുക ചെലവഴിച്ചതിലെ അപാകത

മഴക്കാല പൂർവ്വ ശുചീകരണവുമായി ബന്ധപ്പെട്ട് 2020-21 ൽ ശുചിത്വമിഷൻ ഫണ്ടിൽ നിന്നും 1,50,000/-രൂപ(ചെക്ക് നം.614446, തീ.30.4.20) മെഡിക്കൽ ഓഫീസർ, പി.എച്ച്.സി-ക്ക് അനുവദിച്ചിട്ടുണ്ട്. ഒരു വാർഡിന് 10,000/-രൂപ ക്രമത്തിൽ 15 വാർഡുകൾക്കും തുക അനുവദിച്ചിട്ടുണ്ട്. 9-ാം വാർഡിൽനിന്നും ഹാജരാക്കിയ 4,400/-രൂപയുടെ ചെലവ് രേഖകൾ 2019-20 സാമ്പത്തിക വർഷത്തേതാണ്.

| 9-ാം വാർഡിലേക്ക് അനുവദിച്ച തുക (രൂപ) (മഴക്കാല പൂർവ്വശുചീകരണം) | 2020-21 ലെ വൌച്ചർ പ്രകാരം ചെലവഴിച്ച തുക (രൂപ) | 2019-20 ലെ വൌച്ചർ പ്രകാരം ചെലവഴിച്ച തുക (രൂപ) |
|---|---|---|
| 10,000/- | 5,600/- | 4,400/- |

2019 നവംബർ, ഡിസംബർ മാസങ്ങളിൽ നടത്തിയ സ്പെഷ്യൽ ആക്ടിവിറ്റീസിന്റെ തുക വോളണ്ടിയർമാർക്ക് കൊടുക്കാതിരുന്നത് കൊടുക്കുന്നതിനായാണ് 2020-21 ശുചിത്വമിഷൻ ഫണ്ടിലെ 4,400/-രൂപ ഉപയോഗിച്ചത് എന്ന മെഡിക്കൽ ഓഫീസറുടെ മറുപടി അംഗീകരിക്കാൻ കഴിയില്ല. അതത് സാമ്പത്തിക വർഷങ്ങളിൽ രോഗവ്യാപനം തടയാൻ ആവശ്യമായ മഴക്കാലപൂർവ്വ പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന തുകയിൽനിന്ന് മുൻവർഷങ്ങളിലെ മറ്റ് പ്രവർത്തനങ്ങളുടെ ചെലവ് രേഖകൾ ഹാജരാക്കിയതും ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കേണ്ടതാണ്.

നിരാകരിച്ച തുക - 4,400/-രൂപ

ഓഡിറ്റ് എൻക്വയറി നം – 10/20.11.2021

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 11-11-2021 & 12-11-2021 | കെ.എസ്.എ.കെ.എൽ.എം-പി-11/1688/21 തീയതി. 06.07.2022 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക(രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 11,25,000/- | ലൈഫ് ഭവന പദ്ധതി-71/20 | 11,25,000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1,00,000/- | ലൈഫ് ഭവന പദ്ധതി-239/20 | 1,00,000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1,00,000/- | പച്ചക്കറി വികസനം | 1,00,000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 48,000/- | തരിശ് നെൽകൃഷി | 48,000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 24,000/- | തരിശ് കിഴങ്ങുവർഗ്ഗ വികസനം | 24,000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 24,000/- | തരിശ് വാഴകൃഷി വികസനം | 24,000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 8,00,000/- | ലൈഫ് ഭവന പദ്ധതി | 8,00,000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1,00,000/- | ആശ്രയ വീട് മെയിന്റനൻസ് | 1,00,000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 5,00,000/- | ലൈഫ് ഭവന പദ്ധതി | 5,00,000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 87,500/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് | 87,500/- | -- |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ്-60/20 | | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 20,000/- | വിശപ്പുരഹിത കേരളം - ജനകീയ ഭക്ഷണശാല | 20,000/- | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 48,000/- | തരിശ് വാഴകൃഷി വികസനം | 48,000/- | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 48,000/- | തരിശ് കിഴങ്ങുവർഗ്ഗ വികസനം | 48,000/- | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 5,625/- | തരിശ് ഫലവൃക്ഷ തൈ വിതരണം | 5,625/- | -- |
| ജില്ലാ പഞ്ചായത്ത് | 2020-21 | 96,000/- | തരിശ് നെൽകൃഷി | 96,000/- | -- |
| ജില്ലാ പഞ്ചായത്ത് | 2020-21 | 90,524/- | കുളത്തിലെ മത്സ്യ കൃഷി | 90,524/- | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 14,00,000/- | ലൈഫ് ഭവന പദ്ധതി | 14,00,000/- | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 87,500/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 87,500/- | -- |
| ജില്ലാ പഞ്ചായത്ത് | 2020-21 | 25,000/- | അംഗൻവാടി പോഷകാഹാരം-56/20 | 25,000/- | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 1,50,000/- | അംഗൻവാടി പോഷകാഹാരം-SCP | 1,50,000/- | - |
| ജില്ലാ പഞ്ചായത്ത് | 2019-20 | 1,29,167/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-74/20 | 1,29,167/- | -- |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക(രൂപ) | ചെലവഴിച്ച തുക(രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | റേഷൻകട ജം. കുഴൽകിണർ | 20040252024301081086/തീ. 12.02.21 | 4,80,790/- | 0 | 4,80,790/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 26,90,000/-രൂപ വരവുണ്ട്. മുൻബാക്കി 3,80,000/-രൂപയടക്കം 30,70,000/-രൂപയിൽ 27,40,000/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | തൻവർഷ വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി ലോൺ | | 26,90,000/- | 1,21,75,478/- | 12,44,039/- | | 1,36,21,439/- |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | 3.11.5 | 2001-02 | 3.6 | ഹോമിയോ ഡിസ്പെൻസറി | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2006-07 | 3.11.7 | 2002-03 | 3.15 | അംഗൻവാടി കെട്ടിട നിർമ്മാണം | ഡെപ്പോസിറ്റ് വർക്ക് പൂർത്തിയായിട്ടുണ്ട്. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 25,000/- | ശ്രീമതി. ലീന മോൾ, വെറ്റിനറി സർജൻ |
| 3-2 | | 22,080/- | ശ്രീമതി. മഞ്ജു എസ്, ഫിഷറീസ് ഇൻസ്പെക്ടർ |
| 3-3 | | 4,400/- | ശ്രീമതി.അജിത കുമാരി, മെഡിക്കൽ ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 1,13,515/- | ശ്രീ. ജോണി സാമുവൽ, ഹെഡ് മാസ്റ്റർ |
| 1-21 | 7,01,515/- | ശ്രീ. കബീർ ദാസ്.എ, സെക്രട്ടറി |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ജോണി സാമുവൽ, ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ, ജി.യു.പി.എസ്, മുക്കോട് | തഞ്ചംകുളം, മൈലംകുളം |
| ശ്രീമതി. ലീന മോൾ, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ മേലില ഗ്രാമപഞ്ചായത്ത് | മെമ്മറീസ്, ഗാന്ധി ജം. കൊട്ടാരക്കര |
| ശ്രീമതി. മഞ്ജു എസ്, ഫിഷറീസ് ഇൻസ്പെക്ടർ | മത്സ്യഭവൻ, കരുനാഗപ്പള്ളി | പുത്തൻകണ്ടത്തിൽ, മാരുസൗത്ത്, കരുനാഗപ്പള്ളി |
| ശ്രീമതി.അജിത കുമാരി, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, മേലില ഗ്രാമപഞ്ചായത്ത് | ശ്രീപാർവ്വതി പെരുംകുളം പി ഒ |
| ശ്രീ. കബീർ ദാസ്.എ, സെക്രട്ടറി | സെക്രട്ടറി, മേലില ഗ്രാമപഞ്ചായത്ത് | കടവിള, ചന്ദനത്തോപ്പ് പി ഒ, കൊല്ലം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെ.എസ്.എ.കെ.എൽ.എം.പി11/399(1)/23-2-18 | 1 |
| 1997-98 | കെ.എസ്.എ.കെ.എൽ.എം.പി11/399(2)/23-2-18 | 3 |
| 1998-99 | കെ.എസ്.എ.കെ.എൽ.എം.പി11/399(3)/23-2-18 | 7 |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം.പി11/399(4)/23-2-18 | 4 |
| 2000-01 | കെ.എസ്.എ.കെ.എൽ.എം.പി11/399(5)/23-2-18 | 6 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം.പി11/399(6)/23-2-18 | 3 |
| 2002-03 | കെ.എസ്.എ.കെ.എൽ.എം.പി11/399(7)/23-2-18 | 8 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം.പി11/399(8)/23-2-18 | 8 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം.പി11/399(9)/23-2-18 | 2 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം.പി11/399(10)/23-2-18 | 8 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.പി11/738(1)/2019 Dtd. 31.05.19 | 15 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം.പി11/738(2)/2019 Dtd. 31.05.19 | 12 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം.പി11/738(3)/2019 Dtd.31.05.19 | 10 |

| | | |
|---|---|---|
| 2009-10 | കെ.എസ്.എ.കെ.എൽ.എം.പി11/738(4)/2019 Dtd,31.05.19 | 8 |
| 2010-11 | കെ.എസ്.എ.കെ.എൽ.എം.പി11/738(5)/2019 Dtd,31.05.19 | 7 |
| 2011-12, 2012-13 | കെ.എസ്.എ.കെ.എൽ.എം.പി3/2443/01.04.2014 | എല്ലാ ഖണ്ഡികകളും |
| 2013-14, 2014-15 | കെ.എസ്.എ.കെ.എൽ.എം.പി3/822 /2016/01.06.2016 | എല്ലാ ഖണ്ഡികകളും |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി3/1889 /2016/31.01.2017 | എല്ലാ ഖണ്ഡികകളും |
| 2016-17 | കെ.എസ്.എ.കെ.എൽ.എം. പി11/1544 /2017/16.09.2017 | എല്ലാ ഖണ്ഡികകളും |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി11/1711/2018 തീയതി.21.1.2019 | എല്ലാ ഖണ്ഡികകളും |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി11/429/2020 തീയതി. 20-05-2020 | എല്ലാ ഖണ്ഡികകളും |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി11/249/2022 തീയതി. 12-05-2022 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ മേലില ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ മേലില ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്